## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2706 20.03.2015 ൽ മറുപടിനൽകേണ്ടിയിരുന്നത്

# റൂസ

*ചോദ്യം*
ശ്രീ. കെ. വി. വിജയദാസ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2014-15 ബജറ്റിൽ പ്രഖ്യാപിച്ച 'റൂസ' യ്ക്കുവേണ്ടിയുള്ള പ്രോജക്ട് ഡയറക്ടറേറ്റ് എവിടെയാണ് സ്ഥാപിതമായിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർഷത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രഗവൺമെന്റിൽനിന്നും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത് ; വിശദവിവരം നൽകാമോ ? | (എ) | റൂസ നടപ്പാക്കുന്നതിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ഡയറക്ടറേറ്റിന് പ്രത്യേക ഓഫീസ് സജ്ജമായിട്ടില്ല. റൂസയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉന്നത വിദ്യാഭ്യാസ കൗൺസിലിലുമായി നടന്നുവരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് റൂസയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള പ്രിപ്പറേറ്റീവ് ഗ്രാന്റായി **Rs.2,62,60,000/-** (രണ്ട് കോടി അറുപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) ഈ വർഷം ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ